# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.417 — 26.04.2017-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ നികുതി പിരിവ്

| | ചോദ്യം<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. വി.കെ.സി.മമ്മത് കോയ<br>ശ്രീ. ഡി.കെ.മുരളി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി. |

| | | | |
|---|---|---|---|
| | | | 6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടി കൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.<br>11. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റും മുൻകൂറായി ഫീസ്/ നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി, കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പുകളുടെ ലൈസൻസ് ഫീസും റെന്റൽ തുകയും മുൻകൂറായി വാങ്ങിയ ശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്.എൽ1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോ വർഷത്തേയ്ക്കും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെയായി ഒടുക്കി വരുന്നു.<br>12. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | 13. 01/01/1986 മുതൽ 31/03/2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജി.ഒ(പി) നം.74/16/റ്റി.ഡി ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർവാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ ജി.ഒ(പി) നം.75/16/റ്റി.ഡി ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ള്യൂ.ഡി മാനദണ്ഡ പ്രകാരമുള്ള വിലനിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28(ബി) എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 2016 ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6 ൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു.<br>14. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽ നിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് നികുതിയിലുണ്ടായ ചോർച്ചയും മന്ദഗതിയിലുള്ള പരിശോധനയും മേൽനോട്ടവും മൂലം നികുതി പിരിവിൽ ഭീമമായ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ട നികുതി വരുമാനം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നികതി വരുമാന ചോർച്ച തടയുന്നതിനായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ അഴിമതി രഹിതമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് വിഭാഗം സ്ക്വാഡുകളെ വിന്യസിച്ച് ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചരക്കുസേവന നികുതി സംവിധാനം നിലവിൽ വരുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ ചെക്ക്പോസ്റ്റ് സംവിധാനം ഇല്ലാതാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**